"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- നിലവിൽ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളുടെ ( CFLTC ) മാനേജ്മന്റ് കമ്മിറ്റി അധ്യക്ഷ സ്ഥാനത്തു 12.11.2020 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷനു പകരം അതത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയെ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.2125/2020/LSGD തീയതി,തിരുവനന്തപുരം, 11/11/2020

---

പരാമർശം:- 1 16.07.2020-ലെ സ.ഉ.(സാധാ) നം.1364/2020/തസ്വഭവ നമ്പർ ഉത്തരവ്

2 പഞ്ചായത്ത് ഡയറക്ടറുടെ കുറിപ്പ്

**<u>ഉത്തരവ്</u>**

കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളുടെ (CFLTC) രൂപീകരണവും നടത്തിപ്പും സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. CFLTCയുടെ മാനേജ്മെന്റ് കമ്മിറ്റി അധ്യക്ഷ സ്ഥാനത്തു തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷനെ നിശ്ചയിച്ചുകൊണ്ടും മാനേജ്മെന്റ് കമ്മിറ്റി ക്കുവേണ്ടി മാനേജ്മെന്റ് കമ്മിറ്റി അധ്യക്ഷനും ജോയിന്റ് കൺവീനറും (nodal Officer) ചേർന്ന് ഒരു ജോയിന്റ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനും പ്രസ്തുത ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദേശങ്ങളിൽ നിഷ്കർഷിച്ചിരുന്നു. ആയതു പ്രകാരം ജോയിന്റ് ബാങ്ക് അക്കൗണ്ടുകൾ മുഖേനയാണ് CFLTC യുടെ വരവ് ചെലവ് നടത്തി വരുന്നത്. 11.11.2020-ന് പഞ്ചായത്ത് ഭരണ സമിതികൾ ഇല്ലാതാകുന്നതോടുകൂടി പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം ഇല്ലാതാകുന്ന സാഹചര്യത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ സുഗമമായി നടത്തികൊണ്ടു പോകുന്നതിനു CFLTC മാനേജ്മന്റ് കമ്മിറ്റി അധ്യക്ഷ സ്ഥാനത്ത് തദ്ദേശസ്ഥാപന സെക്രട്ടറിമാരെ ചുമതലപ്പെടുത്തി Joint Signatory സ്ഥാനത്ത് 12.11.2020 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയെയും നോഡൽ ഓഫീസറെയും ഉൾപ്പെടുത്തി പരാമർശം (1)-ലെ ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 11.11.2020-ന് പഞ്ചായത്ത് ഭരണ സമിതികൾ ഇല്ലാതാകുന്ന സാഹചര്യത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ സുഗമമായി നടത്തികൊണ്ടു പോകുന്നതിനുവേണ്ടി CFLTC മാനേജ്മന്റ് കമ്മിറ്റി അധ്യക്ഷ സ്ഥാനത്ത് തദ്ദേശസ്ഥാപന സെക്രട്ടറിമാരെ ചുമതലപ്പെടുത്തിക്കൊണ്ടും നിലവിൽ CFLTC നടത്തിപ്പിനായി ബാങ്കുകളിൽ തുടങ്ങിയിട്ടുള്ള ജോയിന്റ് ബാങ്ക് അക്കൗണ്ടുകളിലെ Joint Signatory സ്ഥാനത്ത് 12.11.2020 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയെയും നോഡൽ ഓഫീസറെയും ഉൾപ്പെടുത്തിക്കൊണ്ടും പരാമർശം (1) ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മേൽ പറഞ്ഞ ഭേദഗതികളോടെ പരാമർശം(1)-ലെ ഉത്തരവ് നിലനിൽക്കുന്നതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S KANNAN
SPECIAL SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും ( ഗ്രാമവികസന കമ്മീഷണർ മുഖേന )
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന )
എല്ലാ മുൻസിപ്പൽ കോർപറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന )
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by NISAM N
Date: 2020.11.11 11:30:28 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്